DESPATCHED
On..05/03/2020

07/01/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic@kerala.nic.in**

ഹർജി നമ്പർ **AP. 2727*(2)/2018*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14402**/എസ്.ഐ.സി-ജി 6/18)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.തോമസ് കുട്ടി എം.റ്റി.,
മണക്കുന്നേൽ, കുരിശുംമൂട് പി.ഒ.,
ചങ്ങനാശ്ശേരി.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
   **അക്കൗണ്ട്സ് ഓഫീസർ (ജനറൽ),**
   **കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
   **തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.10.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.11.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.11.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.12.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. തോമസ് കുട്ടി എം. റ്റി., 29.11.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 11.12.2018ന് കമ്മീഷൻ ഓഫീസിൽ

ലഭിക്കുകയും ആയത് AP.No.2727(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട 1 മുതൽ 11വരെയുള്ള രേഖകൾ നൽകിയിട്ടില്ലെന്നും പകർപ്പ് 4ൽ സൂചന 1 എന്നത് ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം രേഖ നൽകാതിരിക്കുന്നതിനു വേണ്ടി മറ്റൊരു വിവരാവകാശ അപേക്ഷയിലെ ഉത്തരവ് സൂചന 1 ആയി നൽകിയിരിക്കുകയാണെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 19.09.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിന് വിധേയമായി നിയമനം ലഭിച്ച റഗുലർ, പെർമനന്റ് പ്രമോഷൻ തസ്തിക ഇല്ലാത്ത Gr I, II, III, IV ലൈബ്രേറിയന്മാർക്കും NET യോഗ്യത ലഭിച്ച തീയതി മുതൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിനെ മറികടന്ന തസ്തികയും ശമ്പളവും നൽകുന്നതിനായി യു.ജി.സി. സെൽ 3–8920/11 കോ.വി.വ കോളേജ് വിദ്യാഭ്യാസ ഡയറക്ടറടെ കാര്യാലയം 18.09.2015ൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിന് നൽകിയ രേഖയുടെ പകർപ്പ് എന്നിവ നൽകണമെന്നും തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 01.10.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 15.10.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 12.11.2018ന് നൽകിയ മറുപടിയിൽ അപ്പീൽ നമ്പർ 401(2)/2018/എസ്.ഐ.സി. ആയി തീർപ്പാക്കിയ ഉത്തരവിൽ ടി കാര്യാലയം 11.04.2018ൽ കമ്മീഷനു നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനും ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 06.09.2018ലെ കത്തു പ്രകാരം ഹർജിക്കാരന് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നുവെന്നും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാൻ സമർപ്പിച്ച അപേക്ഷ തീർപ്പാക്കുന്നതിന് കമ്മീഷൻ നടത്തിയ ഹിയറിംഗിൽ ഹർജിക്കാരൻ പങ്കെടുക്കാത്തതിനാലും മേൽ നമ്പർ ഫയലിലെ നടപടി ക്രമത്തിൽ മറ്റു വിവരങ്ങൾ ഒന്നും ടിയാന് ലഭ്യമാക്കാൻ കമ്മീഷൻ

നിർദ്ദേശിക്കാത്തതിനാലും നിരസിച്ചിരുന്നുവെന്നും എന്നിരുന്നാലും ടിയാൻ ആവർത്തിച്ച് ആവശ്യപ്പെടുന്ന കാര്യങ്ങളിൽ വ്യക്തതയില്ലാത്തതിനാൽ മുൻകൂട്ടി അനുവാദം വാങ്ങി ടി ഓഫീസിൽ നേരിട്ട് ഹാജരായി വ്യക്തത യോടെ ആവശ്യപ്പെടുന്ന വിവരങ്ങൾ ടി കാര്യാലയത്തിൽ ലഭ്യമാണെങ്കിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം നൽകുന്നതാണെന്നും ടിയാനെ അറിയിച്ചിരുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധി ച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരൻ നിരവധി അപേക്ഷകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെടുന്ന കാര്യങ്ങളിൽ വ്യക്തതയില്ലാത്തതിനാൽ ഓഫീസിൽ നേരിട്ട് ഹാജരായി ആവശ്യപ്പെടുന്ന വിവരങ്ങൾ പരിശോധിക്കാനുള്ള സൗകര്യം നൽകുന്നതാ ണെന്ന് അറിയിച്ചിട്ടും ടിയാൻ വീണ്ടും രേഖകൾ ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുകയും ആയതിന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീ ൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദി വസം 2020 ജനുവരി 07–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/